# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6906</u> 13.07.2012 ൽ മറുപടിയ്ക്ക്**

**പമ്പ-അച്ചൻകോവിലാർ - വൈപ്പാർ സംയോജനം**

| **ചോദ്യം** | **മറുപടി** |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എ. എം. ആരിഫ് | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| **(എ)** പമ്പയിലേയും അച്ചൻ കോവിലാറിലേയും വെള്ളം തമിഴ്നാട്ടിലെ വൈപ്പാർ ബേസിനിലേക്ക് തിരിച്ച് വിടണമെന്ന് ദേശീയ ജലവികസന ഏജൻസി എപ്പോഴെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ; | **(എ)** നദീ സംയോജന പദ്ധതിയുടെ ഭാഗമായി ദേശീയ ജല വികസന ഏജൻസി സംസ്ഥാനത്തെ അച്ചൻകോവിൽ വൈപ്പാർ നദീ സംയോജന പദ്ധതി നിർദ്ദേശിച്ചിരുന്നു. |
| **(ബി)** ഇതിനെതിരെയുള്ള കേരളത്തിന്റെ പ്രതിഷേധം വകവയ്ക്കാതെ ദേശീയ ജലവികസന ഏജൻസി മുന്നോട്ടു പോകുന്നതായി അറിയാമോ; | **(ബി)** സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പരിഗണിച്ച് മാത്രമേ ഈ പദ്ധതി നടപ്പിലാക്കുകയുള്ളൂ എന്ന് ദേശീയ ജലവികസന ഏജൻസി വ്യക്തമാക്കിയിട്ടുണ്ട്. |
| **(സി)** ഇതുമൂലം എന്തെല്ലാം ഭവിഷ്യത്തുകളാണ് സംസ്ഥാനത്തിനുണ്ടാകുക എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | **(സി)** പഠനങ്ങളിലൂടെ വിലയിരുത്തിയിട്ടുണ്ട്. പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിൽ വന്നാൽ പമ്പയും അച്ചൻകോവിലാറും വറ്റി വരളുകയും മദ്ധ്യ തിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാവുകയും ചെയ്യുന്നതാണ്. ഈ പദ്ധതി നടപ്പിൽ വന്നാൽ കേരളത്തിന്റെ നിബിഡവനവും, തേക്കിൻ തോട്ടവും കൃഷി സ്ഥലങ്ങളും ഉൾപ്പെടെ 2004 ഹെക്ടർ സ്ഥലം മുങ്ങിപ്പോകുന്ന താണെന്നും, പമ്പ അച്ചൻകോവിൽ നദികളിലെ ജലം തിരിച്ചു വിടുന്നതു മൂലം പത്തനംതിട്ട ആലപ്പുഴ ജില്ലകളിൽ ഗുരുതരമായ പരിസ്ഥിതി പ്രത്യാഘാതം ഉണ്ടാകുകയും, കുടിവെള്ള ക്ഷാമം നേരിടുകയും ചെയ്യും. വേമ്പനാട് കായലിൽ പതിക്കുന്ന ഈ നദികളിലെ നീരൊഴുക്കു കുറയുന്നതു കായലിൽ ഓരു വെള്ളം കയറാൻ ഇടയാക്കുകയും കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിലെ കൃഷി, മത്സ്യ സമ്പത്ത് ഇവയുടെ നാശത്തിന് വഴി തെളിക്കുകയും ചെയ്യും. ലക്ഷക്കണക്കിന് വരുന്ന ശബരിമല തീർത്ഥാടകരെയും പമ്പ നദീ തീരത്ത് നടക്കുന്ന |

മരാമൺകൺവെൻഷനെയും ജലദൗർലഭ്യം ബാധിക്കുകയും ചെയ്യും. കൂടാതെ കീഴ്തടങ്ങളിൽ ഉണ്ടാകുന്ന ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളും ലവണരസ അധിനിവേശവും വ്യവസായജല പദ്ധതികൾക്ക് ജല ദൗർലഭ്യം ഉണ്ടാക്കുകയും ചെയ്യുന്നു. ഇതിനുപുറമെ പമ്പ - അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതു മൂലം Vembanad Wet Land നു ജീർണ്ണാവസ്ഥയും സൃഷ്ടിക്കുന്നു. കൊച്ചി തുറമുഖത്തെയും പദ്ധതി പ്രതികൂലമായി ബാധിക്കുന്നതാണ്.

**(ഡി)** നദീസംയോജനം സംബന്ധിച്ച് ഇപ്പോഴുണ്ടായ സുപ്രീം കോടതി വിധി കേരളത്തിന് ഭാവിയിൽ ഏതെല്ലാം നിലയിൽ ദോഷകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; സുപ്രീം കോടതി കേസ് പരിഗണിച്ചപ്പോൾ കേരളത്തിനുവേണ്ടി വാദിച്ചത് ആരായിരുന്നു; വാദം എന്തായിരുന്നു;

**(ഡി)** ഉണ്ട്. സുപ്രീം കോടതി കേസ് പരിഗണിച്ചപ്പോൾ കേരളത്തിനു വേണ്ടി ശ്രീ. ഹരീഷ് സാൽവേ, ശ്രീ. മോഹൻ കട്ടാർക്കി, ശ്രീ. ജി. പ്രകാശ്, ശ്രീ. എം.ആർ.രമേഷ് ബാബു എന്നിവർ കോടതിയിൽ ഹാജരായിരുന്നു. ശ്രീ. ഹരീഷ് സാൽവേ 06-01-2011 ലെ ഹിയറിങ്ങിൽ കേന്ദ്ര ഗവൺമെന്റിന് പമ്പ അച്ചൻകോവിൽ എന്നീ സംസ്ഥാന നദികൾ ലിങ്ക് ചെയ്യണമെന്ന് നിർദ്ദേശിക്കുവാൻ യാതൊരു അധികാരവും ഇല്ലെന്ന് വാദിച്ചു.

**(ഇ)** ഇത് ദോഷകരമല്ലെന്ന നിലപാട് സർക്കാരിനുണ്ടോ; ഇത് മദ്ധ്യകേരളത്തെ ഊഷര ഭൂമിയാക്കി മാറ്റുന്നതിലേക്ക് നയിക്കുമെന്ന് അറിയാമോ?

**(ഇ)** ഈ പദ്ധതി സംസ്ഥാനത്തിന് ദോഷകരമാണെന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്.

സെക്ഷൻ ഓഫീസർ